2026
SEPTEMBER
16
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# പണപ്പെരുപ്പം ഉയർന്നു

# ഓഗസ്റ്റിൽ എട്ടു മാസത്തെ ഉയർന്ന നിരക്ക് 4.82 %

ന്യൂദൽഹി: ഭക്ഷണ സാധനങ്ങളുടെ വില ഉയർന്ന തോതിൽ തുടരുന്നതിനാൽ ഓഗസ്റ്റിൽ ഇന്ത്യയുടെ ഉപഭോക്തൃവില സൂചികയെ അടിസ്ഥാനമാക്കിയുള്ള ചില്ലറ പണപ്പെരുപ്പം ഉയർന്നു. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പുറത്തുവിട്ടു താത്കാലിക കണക്കുകൾ പ്രകാരം ഉപഭോക്തൃ വില സൂചികയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ ചില്ലറ പണപ്പെരുപ്പം ഓഗസ്റ്റിൽ 4.82 ശതമാനത്തിലെത്തി.

ജൂലൈയിലിത് 4.45 ശതമാനമായിരുന്നു. തുടർച്ചയായ മൂന്നാം മാസമാണ് പണപ്പെരുപ്പ നിരക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലക്ഷ്യമായ നാലു ശതമാനത്തിനു മുകളിലെത്തുന്നത്. കഴിഞ്ഞ എട്ടു മാസത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കാണ് ഓഗസ്റ്റിൽ രേഖപ്പെടുത്തിയത്.

സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ കണ്ട പണപ്പെരുപ്പ പ്രവണതയിൽനിന്ന് വലിയൊരു മാറ്റം സംഭവിച്ചതായാണ് പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത്. സവാള ഉൾപ്പടെയുള്ള ഭക്ഷണസാധനങ്ങളുടെ വില വർധനയാണ് ഈ ഓഗസ്റ്റിലെ പണപ്പെരുപ്പം ഉയരാനുണ്ടായ പ്രധാന കാരണം.

ഉപഭോക്തൃ ഭക്ഷ്യവില സൂചികയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം ഓഗസ്റ്റിൽ 5.95 ശതമാനത്തിലേക്ക് ഉയർന്നു. ജൂലൈയിൽ 5.52 ശതമാനമാണ് രേഖപ്പെടുത്തിയത്. ഗ്രാമീണ മേഖലയിലെ ഭക്ഷ്യപണപ്പെരുപ്പം 6.13 ശതമാനമായി ഉയർന്നപ്പോൾ നഗരപ്രദേശങ്ങളിൽ ഇത് 5.64 ശതമാനമായി. ജൂലൈയിൽ യാഥാക്രമം 5.79 ശതമാനവും 5.05 ശതമാനവുമായിരുന്നു.

ഗ്രാമപ്രദേശങ്ങളിൽ വിലക്കയറ്റ സമ്മർദം തുടർച്ചയായി ഉയർന്ന നിലയിൽ തുടരുന്നു. ജൂലൈയിലെ 4.84 ശതമാനത്തിൽനിന്ന് ഓഗസ്റ്റിൽ പണപ്പെരുപ്പ നിരക്ക് 5.23 ശതമാനമായി ഉയർന്നു. അതേസമയം, നഗരപ്രദേശങ്ങളിലെ പണപ്പെരുപ്പത്തിലും വർധനയുണ്ടായി. ജൂലൈയിലെ 3.96 ശതമാനത്തിൽനിന്ന് ഓഗസ്റ്റിൽ 4.31 ശതമാനമായി വർധിച്ചു.

ഓഗസ്റ്റിൽ വെള്ളി ആഭരണങ്ങളുടെ പണപ്പെരുപ്പം 107.11 ശതമാനമായി രേഖപ്പെടുത്തി. ഇഞ്ചിയുടെ വിലക്കയറ്റം 73.82 ശതമാനവും സവാളയുടേത് 48.27 ശതമാനവുമാണ്. വെളുത്തുള്ളിയുടെ പണപ്പെരുപ്പം 43.60 ശതമാനമായി ഉയർന്നപ്പോൾ സ്വർണം, ഡയമണ്ട്, പ്ലാറ്റിനം ആഭരണങ്ങളുടേത് 35.33 ശതമാനമായി.

സംസ്ഥാനങ്ങൾക്കിടയിലും പണപ്പെരുപ്പ നിരക്കിൽ വലിയ വ്യത്യാസങ്ങൾ പ്രകടമാണ്. വൻകിട സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും ഉയർന്ന മൊത്തം പണപ്പെരുപ്പം രേഖപ്പെടുത്തിയത് തെലുങ്കാനയിലാണ് (6.27 %). തമിഴ്നാട് (5.92 %), മധ്യപ്രദേശ് (5.55 %), ആന്ധ്രാപ്രദേശ് (5.53 %), ഒഡീഷ (5.52 %) എന്നിവയാണ് തൊട്ടുപിന്നിൽ.

കേരളത്തിന്റെ പണപ്പെരുപ്പം 4.67 ശതമാനവുമായി ദേശീയ ശരാശരിയിലും താഴെയാണ്. സംസ്ഥാനത്തെ ഗ്രാമനഗര മേഖലകളിൽ പണപ്പെരുപ്പ നിരക്ക് യഥാക്രമം 5.32 %, 4.13 % എന്നിങ്ങനെയാണ്.

# ടാറ്റ സൺസ് ഐപിഒ: ടാറ്റാ ഗ്രൂപ്പ്, എസ്പി ഗ്രൂപ്പ് ഓഹരികളിൽ വമ്പൻ മുന്നേറ്റം

**മുംബൈ:** ടാറ്റാ ഗ്രൂപ്പിന് കീഴിലെ ഒട്ടുമിക്ക കമ്പനികളുടെയും ഓഹരികൾ ഇന്നലെ വമ്പൻ മുന്നേറ്റത്തിൽ. ടാറ്റ കെമിക്കൽസ് ഓഹരിവില 20% കുതിച്ച് 734.5 രൂപയെന്ന അപ്പർസർക്യൂട്ടിലെത്തി. ടാറ്റ ഇൻവെസ്റ്റ്മെന്റ് കോർപറേഷൻ (+12.41%), ടിസിഎസ് (+4.5%), ടാറ്റാ മോട്ടോഴ്സ് പാസഞ്ചർ വെഹിക്കിൾസ് (+4.11%), ടാറ്റ എൽക്സി (+3.86%), ടാറ്റ ടെക്നോളജീസ് (+1.94%), ടാറ്റ കമ്യൂണിക്കേഷൻസ് (+1.95%), ടാറ്റ പവർ (+1.01%), ടാറ്റാ സ്റ്റീൽ (+0.71%) എന്നിങ്ങനെയും നേട്ടത്തിലാണ്.



ടൈറ്റൻ, ട്രെന്റ്, നെൽകോ, തേജസ് നെറ്റ്!വർക്സ്, ടാറ്റ ക്യാപിറ്റൽ, ടാറ്റ മോട്ടോഴ്സ് എന്നിവ 0.263.61% വരെ നഷ്ടത്തിലും വ്യാപാരം ചെയ്തു. ടാറ്റ സൺസിന്റെ പ്രാരംഭ ഓഹരി വിൽപനയ്ക്ക് (ഐപിഒ) കളമൊരുങ്ങിയതാണ് ഒട്ടുമിക്ക ടാറ്റാ ഗ്രൂപ്പ് ഓഹരികളും ആഘോഷമാക്കിയത്. ടാറ്റാ സൺസിൽ ഓഹരി പങ്കാളിത്തമുള്ള ഷപൂർജി പലോൺജി ഗ്രൂപ്പിന് (എസ്പി ഗ്രൂപ്പ്) കമ്പനികളുടെ ഓഹരികളും കുതിച്ചുയർന്നു. അഫ്കോൺ ഇൻഫ്രാസ്ട്രക്ചർ 20%, ഫോബ്സ് ആൻഡ് കമ്പനി 20%, ഗോകക് ടെക്സ്റ്റൈൽസ് 10% എന്നിങ്ങനെ ഉയർന്ന് അപ്പർസർക്യൂട്ടിലാണുള്ളത്.

2022 സെപ്റ്റംബർ മുതൽ റിസർവ് ബാങ്കിന്റെ അപ്പർലെയർ എൻബിഎഫ്സികളുടെ പട്ടികയിലാണ് ടാറ്റ സൺസുള്ളത്. ടാറ്റാ ഗ്രൂപ്പ് കമ്പനികളുടെ മാതൃസ്ഥാപനമാണ് (ഹോൾഡിങ് കമ്പനി) ടാറ്റ സൺസ്. അപ്പർലെയർ എൻബിഎഫ്സികൾ മൂന്നുവർഷത്തിനകം പ്രാരംഭ ഓഹരി വിൽപന (ഐപിഒ) നടത്തി ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്യണമെന്ന് റിസർവ് ബാങ്ക് നിർദേശിച്ചിരുന്നു. ഇതുപ്രകാരം 2025 സെപ്റ്റംബർ 30നകം ടാറ്റ സൺസ് ലിസ്റ്റ് ചെയ്യേണ്ടതായിരുന്നു.

എൻബിഎഫ്സിയായി തുടരാനുള്ള സർട്ടിഫിക്കറ്റ് ഓഫ് റെജിസ്ട്രേഷൻ (സിഒആർ) റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ടാറ്റ സൺസ് റിസർവ് ബാങ്കിന് അപേക്ഷ നൽകിയിരുന്നു. ഇതിന്മേൽ റിസർവ് ബാങ്കിന്റെ തീരുമാനം വരാത്തതിനാലാണ് ടാറ്റ സൺസിന്റെ ഐപിഒ നടക്കാതിരുന്നത്.

ഒരുലക്ഷം കോടി രൂപയ്ക്കുമേൽ ആസ്തിമൂല്യമുള്ള അപ്പർലെയർ എൻബിഎഫ്സികൾ നിർബന്ധമായും ഐപിഒ നടത്തി ലിസ്റ്റ് ചെയ്യണമെന്നാണ് റിസർവ് ബാങ്കിന്റെ നിർദേശം. 2026 മാർച്ച് 31ലെ കണക്കുപ്രകാരം ടാറ്റ സൺസിന് 2.01 ലക്ഷം കോടി രൂപയുടെ ആസ്തിയുണ്ട്.

ഇക്കഴിഞ്ഞ ഓഗസ്റ്റിൽ റിസർവ് ബാങ്കിന്റെ പുതുക്കിയ അപ്പർലെയർ എൻബിഎഫ്സി പട്ടികയിലും ടാറ്റ സൺസ് ഇടംപിടിച്ചു. പിന്നാലെ അടുത്തിടെ സിഒആർ റദ്ദാക്കാനുള്ള അപേക്ഷയും തള്ളിയതോടെയാണ് ഐപിഒയ്ക്കുള്ള സാധ്യത ഒരുങ്ങുന്നത്.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

# തമിഴ് നാട്ടിലേക്ക് 12,300 കോടിയുടെ നിക്ഷേപം; 10,000 പേർക്ക് ജോലി

**ചെന്നൈ:** തമിഴ്നാട്ടിൽ പുതിയ നിക്ഷേപങ്ങൾ കണ്ടെത്താൻ ലണ്ടനിലെത്തിയ മുഖ്യമന്ത്രി സി.ജോസഫ് വിജയ് 12,300 കോടി രൂപയുടെ ധാരണാപത്രങ്ങളിൽ ഒപ്പിട്ടു. 10,000 പേർക്കു പുതുതായി ജോലി ലഭിക്കുമെന്നും അറിയിച്ചു.

വാഹന ഘടകങ്ങൾ നിർമിക്കുന്ന സംവർധന മദേഴ്സൺ ഇന്റർനാഷനൽ ലിമിറ്റഡ് 11,000 കോടി രൂപ നിക്ഷേപിക്കും. ചെന്നൈയിൽ ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ (ജിസിസി) സ്ഥാപിക്കുന്നതിന് ഏൺസ്റ്റ് ആൻഡ് യങ് (ഇവൈ) കമ്പനിയുമായി 1000 കോടി രൂപയുടെ ധാരണാപത്രത്തിലാണ് ഒപ്പിട്ടത്.

എംബഡഡ് സിസ്റ്റംസ്, ഇലക്ട്രിഫിക്കേഷൻ, ഇൻഡസ്ട്രിയൽ ഡിജിറ്റൈസേഷൻ എന്നീ മേഖലയിൽ സ്വീഡിഷ് കമ്പനിയായ സിഗ്മ ടെക്നോളജി ഗ്രൂപ്പ് സഹകരിക്കുമെന്ന് അറിയിച്ചു. ഇലക്ട്രിക്കൽ ഉപകരണ നിർമാണ മേഖലയിൽ വിൽസൻ പവർ സൊല്യൂഷൻ 300 കോടി രൂപ നിക്ഷേപിക്കും.



സൊസൈറ്റി ടുഡേ
SOCIETY TODAY



# സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന തലത്തിലേക്ക് സർവകലാശാലകൾ മാറണം: മന്ത്രി

**കൊച്ചി:** സർവകലാശാലകളിലെ പഠനങ്ങളും ഗവേഷണങ്ങളും ലബോറട്ടറികളിൽ മാത്രം ഒതുങ്ങരുതെന്നും സമൂഹത്തെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന തലത്തിലേക്ക് സർവകലാശാലകൾ മാറണമെന്നും ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ പറഞ്ഞു. സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമ്പോഴാണ് സർവകലാശാലകൾ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുന്നതെന്ന് പറയാൻ കഴിയുകയെന്നും മന്ത്രി പറഞ്ഞു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സെന്റർ ഫോർ ന്യൂറോസയൻസ് സംഘടിപ്പിക്കുന്ന ICTN 2026 - ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ട്രാൻസ്ലേഷണൽ ന്യൂറോസയൻസ്: ബ്രെയിൻ ടു ബിഹേവിയർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സമൂഹത്തെ ബാധിക്കുന്ന വ്യത്യസ്തമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന തരത്തിലുള്ള പഠനങ്ങളും ഗവേഷണങ്ങളും നടത്തുന്നതിൽ കുസാറ്റും സെന്റർ ഫോർ ന്യൂറോസയൻസ് ഉൾപ്പെടെയുള്ള ഗവേഷണ കേന്ദ്രങ്ങളും ഉത്തരവാദിത്വം നിറവേറ്റുന്നുണ്ടെന്നതിൽ സന്തോഷമുണ്ടെന്നും മന്ത്രി പറഞ്ഞു.

നിർമ്മിത ബുദ്ധിയുടെ കാലഘട്ടമാണെങ്കിലും മനുഷ്യ മസ്തിഷ്കത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. മനുഷ്യ ബുദ്ധിയുടെ വിലയിരുത്തലുകളെയും തീരുമാനങ്ങളെയും മറികടക്കാൻ ഒരു എഐയ്ക്കും കഴിയില്ല എന്നതാണ് മസ്തിഷ്കത്തെക്കുറിച്ചുള്ള പഠനങ്ങളുടെ പ്രാധാന്യമെന്നും മന്ത്രി പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് നിർണായകമായ മാറ്റങ്ങൾക്ക് നേതൃപരമായ തുടക്കം കുറിക്കാൻ എല്ലാ കാലത്തും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കുസാറ്റ് വൈസ് ചാൻസലർ ഡോ. പ്രൊഫ. എം. ജുനൈദ് ബുഷിരി പറഞ്ഞു. കുസാറ്റ് സിൻഡിക്കേറ്റ് അംഗം കൂടിയായ മുഹമ്മദ് ഷിയാസ് എം.എൽ.എ ചടങ്ങിൽ ആശംസകൾ അറിയിച്ചു. സെന്റർ ഫോർ ന്യൂറോസയൻസിന്റെ സ്ഥാപക ഡയറക്ടർ പ്രൊ. ഡോ. സി. എസ്. പൗലോസിന്റെ കുടുംബാംഗങ്ങളെ ചടങ്ങിൽ ആദരിച്ചു. ICTN 2026ന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്ക് മന്ത്രി റോജി എം. ജോൺ സമ്മാനങ്ങൾ വിതരണം ചെയ്തു. സുവനീർ വൈസ് ചാൻസലർ ഡോ. പ്രൊഫ. എം. ജുനൈദ് ബുഷിരിക്ക് നൽകി മന്ത്രി പ്രകാശനം ചെയ്തു.

കുസാറ്റ് രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി. സ്വാഗതം പറഞ്ഞ ചടങ്ങിൽ സെന്റർ ഫോർ ന്യൂറോസയൻസ് ഡയറക്ടർ ഡോ. ബേബി ചക്രപാണി നന്ദി രേഖപ്പെടുത്തി. സിൻഡിക്കേറ്റ് അംഗങ്ങൾ, സർവകലാശാല അധ്യാപകർ, ജീവനക്കാർ, പൊതുജനങ്ങൾ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

പരിപാടിയുടെ ഭാഗമായി ബ്രെയിൻ എക്സിബിഷൻ, 3ഉ ബ്രെയിൻ പ്രൊജക്ഷൻ, മൂന്ന് ദിവസത്തെ പബ്ലിക് ബ്രെയിൻ സിംപോസിയം എന്നിവയും നടക്കും. ന്യൂറോഡെവലപ്മെന്റ്, മാനസികാരോഗ്യം, ന്യൂറോഡിജനറേഷൻ എന്നീ മൂന്ന് പ്രധാന വിഷയങ്ങളിലായിരിക്കും സിംപോസിയം. ബ്രെയിൻ എക്സിബിഷനിൽ മസ്തിഷ്കത്തിന്റെ ഘടന, വികസനം, വിവിധ രോഗങ്ങളിലെ മാറ്റങ്ങൾ, ശാസ്ത്രീയ സാമ്പിളുകൾ എന്നിവ മനസ്സിലാക്കാൻ അവസരമുണ്ടാകും. 3ഉ ബ്രെയിൻ പ്രൊജക്ഷനിലൂടെ മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങൾ ദൃശ്യാനുഭവമായി കാണാം.




# സംസ്ഥാന മാസ്റ്റേഴ്സ് മീറ്റ് ജോസ് മാവേലിക്ക് മൂന്ന് മെഡലുകൾ

**കൊച്ചി:** സംസ്ഥാന മാസ്റ്റേഴ്സ് മീറ്റിൽ ജോസ്മാവേലിക്ക് രണ്ട് സ്വർണ്ണമടക്കം മൂന്ന് മെഡലുകൾ. 200, 400 മീറ്ററുകളിൽ സ്വർണ്ണവും 100 മീറ്ററിൽ വെള്ളിമെഡലും ആണ് ലഭിച്ചത്. 75 + വിഭാഗത്തിലാണ് അദ്ദേഹം പങ്കെടുത്തത്. എറണാകുളം മഹാരാജാസ് കോളേജ് സ്റ്റേഡിയത്തിൽ എറണാകുളം ജില്ലാ മലയാളി മാസ്റ്റേഴ്സ് അത്‌ലറ്റിക് അസോസിയേഷൻ ആണ് മീറ്റ് സംഘടിപ്പിച്ചത്.

ജനസേവ ശിശുഭവന്റെ സ്ഥാപകനും ചെയർമാനും ആണ് ജോസ് മാവേലി. സീനിയർ വെറ്ററൻ താരമായ അദ്ദേഹം മൂന്ന് തവണ ദേശീയ ചാമ്പ്യനായിട്ടുണ്ട്. 2004ൽ തായ്‌ലന്റിൽവച്ച് നടന്ന ഏഷ്യൻമീറ്റിൽ ഏഷ്യയിലെ ഏറ്റവും വേഗതയേറിയ വെറ്ററൻ ഓട്ടക്കാരൻ എന്ന പദവി നേടിയിട്ടുണ്ട്. 2006ൽ ബംഗളൂരുവിൽവച്ച് നടന്ന ഏഷ്യൻമീറ്റിൽ 100 മീറ്ററിൽ സിൽവറും 2010 ൽ മലേഷ്യയിൽവച്ച് നടന്ന ഏഷ്യൻ മീറ്റിൽ വെങ്കലവും നേടി അന്തർദേശീയ തലത്തിലും ഭാരതത്തിനഭിമാനമായിട്ടുണ്ട്.




# പ്രമേഹ രോഗികൾക്കായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു

**കൊച്ചി:** എറണാകുളം അഹല്യ ഐ ഹോസ്പിറ്റലിന്റെ ആഭിമുഖ്യത്തിൽ പ്രമേഹ രോഗികൾക്കായി 'മധുരം സീസൺ 2' എന്ന പേരിൽ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ഉമ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ വിനോദ് കുമാർ മുഖ്യാതിഥിയായിരുന്നു.

അഹല്യ ഐ കെയർ മാനേജർ അരുൺ രോഗികൾക്കായുള്ള പ്രിവിലേജ് കാർഡ് വിതരണം ചെയ്തു. പ്രമേഹം നിയന്ത്രിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഡോ. സി.എ. അനിഷ്, ഡോ. ഗോകുൽ പ്രസന്നൻ, ഡോ. ദിവ്യ അലക്സ്, നുട്രീഷനിസ്റ്റ് എം.ബി. ജിബി എന്നിവർ ക്ലാസ് നയിച്ചു. അഹല്യ ഐ ഹോസ്പിറ്റൽ എറണാകുളം അഡ്മിനിസ്ട്രേറ്റർ സനോജ്, സോണൽ മാനേജർ സൂരജ് എന്നിവർ പ്രസംഗിച്ചു.

പ്രമേഹവും അതുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങളും സംബന്ധിച്ച് രോഗികൾക്ക് ശാസ്ത്രീയമായ അറിവും ആവശ്യമായ മുൻകരുതലുകളും നൽകുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. 150 ഓളം പേർ പങ്കെടുത്തു.





# കുസാറ്റിൽ ഹിന്ദി ദിനാചരണം സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല ഹിന്ദി വകുപ്പ് ഛാത്ര പരിഷത്ത്, ഹിന്ദി ദിനാചരണത്തോടനുബന്ധിച്ച് വിവിധ കാര്യപരിപാടികളും അഖില കേരള ക്വിസ് മത്സരവും നടത്തി. ഛാത്രപരിഷത്ത് പ്രസിഡൻറ് ഷബാന എസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കാനറ ബാങ്ക് ഒഫിഷ്യൽ ലാംങ്ഗേജ് സീനിയർ മാനേജർ, ശ്രീ. പ്രശാന്ത് പി പൈ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വകുപ്പ് മേധാവി പ്രൊഫസർ ഡോ. പി. പ്രണീത,അലുമിനി അസോസിയേഷൻ വൈസ് പ്രസിഡണ്ട് ശ്രീമതി. എസ്. ജാനകി (ഐ.ആർ.ഇ.എൽ, മാനേജർ (റിട്ടയേഡ്), ഛാത്ര പരിഷത്ത് സെക്രട്ടറി ജസീന മേരി കെ. പി, ജോയിൻറ് സെക്രട്ടറി സുനിത വി ഷേണായ് എന്നിവർ സംസാരിച്ചു. തുടർന്ന് ഹിന്ദി ദിനത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും കൂടാതെ അഖില കേരള ക്വിസ് മത്സര വിജയികൾക്കുള്ള പുരസ്ക്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.



# കുസാറ്റ് ബ്രെയിൻ എക്സിബിഷൻ ശ്രദ്ധേയമാകുന്നു; വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും കൗതുകക്കാഴ്ച്ച

**കൊച്ചി:** യഥാർഥ മനുഷ്യ മസ്തിഷ്കവും നാഡീവ്യൂഹവുമായി ബന്ധപ്പെട്ട വിവിധ ശാസ്ത്രീയ പ്രദർശനങ്ങളും നേരിൽ കാണാനുള്ള അവസരം ഒരുക്കുന്ന കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ബ്രെയിൻ എക്സിബിഷൻ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും കൗതുകക്കാഴ്ചയാകുന്നു. കുസാറ്റിലെ സെൻ്റർ ഫോർ ന്യൂറോസയൻസിന്റെ നേതൃത്വത്തിലാണ് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്.

പൂർണ മനുഷ്യ മസ്തിഷ്കം, മസ്തിഷ്കത്തിന്റെ പകുതി ഭാഗങ്ങൾ, വിവിധ ഭാഗങ്ങളുടെയും പാളികളുടെയും മാതൃകകൾ, സുഷുമ്നാ നാഡി, വിവിധ ജന്തുക്കളുടെ മസ്തിഷ്കങ്ങൾ എന്നിവ പ്രദർശനത്തിലുണ്ട്. മസ്തിഷ്കത്തിന്റെ ഘടന താരതമ്യം ചെയ്യാനും നാഡീവ്യൂഹത്തിന്റെ പരിണാമം മനസ്സിലാക്കാനും ഇത് സഹായിക്കുന്നു. രോഗബാധിതവും പരിക്കേറ്റതുമായ മസ്തിഷ്കങ്ങളുടെ പ്രദർശനത്തിലൂടെ നാഡീസംബന്ധമായ രോഗങ്ങൾ മസ്തിഷ്കഘടനയിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചും മനസ്സിലാക്കാം.ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബെംഗളൂരു എന്നിവയുൾപ്പെടെയുള്ള പ്രമുഖ ന്യൂറോസയൻസ് സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. വിദഗ്ധരുടെ നേതൃത്വത്തിലുള്ള വിശദീകരണ സെഷനുകളും സംവേദനാത്മക പഠനാനുഭവങ്ങളും പ്രദർശനത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. മസ്തിഷ്കഘടനകളും നാഡീശൃംഖലകളും അടുത്തറിയാൻ അവസരമൊരുക്കുന്ന പ്രത്യേക 3D ബ്രെയിൻ പ്രൊജക്ഷനും പ്രദർശനത്തിലുണ്ട്.

സ്കൂൾ, കോളേജ് വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും മസ്തിഷ്കശാസ്ത്രത്തെക്കുറിച്ച് ലബോറട്ടറിക്കും ക്ലാസ് മുറിക്കും പുറത്തുനിന്ന് പഠിക്കാനുള്ള അവസരമാണ് പ്രദർശനം ഒരുക്കുന്നത്.

# പരീക്ഷാ കൺട്രോളർ പ്രൊഫ. ശ്രീജിത് സി.എം. സർവീസ് പൂർത്തിയാക്കി മടങ്ങി; പ്രൊഫ. ഡോ. കീർത്തി ടി.ആറിന് അധിക ചുമതല

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലാ പരീക്ഷാ കൺട്രോളർ പദവിയിൽ ആറുവർഷത്തെ സേവനം പൂർത്തിയാക്കി പ്രൊഫ. (ഡോ.) ശ്രീജിത് സി.എം. മാതൃസ്ഥാപനമായ മാലിയങ്കര എസ്.എൻ.എം. കോളേജിലേക്ക് മടങ്ങി.

സെനറ്റ് ഹാളിൽ നടന്ന യാത്രയയപ്പ് ചടങ്ങിൽ പരീക്ഷാഅക്കാദമിക ഭരണസംവിധാനത്തെ ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം നൽകിയ സേവനവും നിർണായക സംഭാവനകളും സർവകലാശാല അനുസ്മരിച്ചു. വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, ഡീൻമാർ, വിവിധ വകുപ്പുകളുടെ മേധാവികൾ, സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

വൈസ് ചാൻസലറും സിൻഡിക്കേറ്റ് അംഗങ്ങളും പ്രൊഫ. ശ്രീജിത്തിൻറെ സേവനത്തെ അഭിനന്ദിക്കുകയും സർവകലാശാലയുടെ പരീക്ഷാ ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിലും ആധുനികവത്കരിക്കുന്നതിലും അദ്ദേഹം നൽകിയ സംഭാവനകളെ പ്രത്യേകം അനുസ്മരിക്കുകയും ചെയ്തു.

2020 ഫെബ്രുവരി 17നാണ് പ്രൊഫ. ശ്രീജിത് പരീക്ഷാ കൺട്രോളറായി സർവകലാശാലയിലെത്തിയത്. അദ്ദേഹത്തിൻറെ കാലയളവിൽ പരീക്ഷാവിഭാഗത്തിൻറെ ഭരണസംവിധാനങ്ങളിലും പരീക്ഷാ നടത്തിപ്പിലും ഡിജിറ്റൽ സംവിധാനങ്ങളിലും ശ്രദ്ധേയമായ പുരോഗതിയുണ്ടായി. പരീക്ഷകൾ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി നടത്തുന്നതിനും വിദ്യാർഥികൾക്കും അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്കും മികച്ച സേവനങ്ങൾ ഉറപ്പാക്കുന്നതിനും അദ്ദേഹം ഗണ്യമായ സംഭാവന നൽകി.

സർവകലാശാലയുടെ അക്കാദമികവും ഭരണപരവുമായ പരിവർത്തനത്തിൻറെ സുപ്രധാന ഘട്ടത്തിലൂടെയാണ് അദ്ദേഹത്തിൻറെ സേവനകാലം കടന്നുപോയത്. നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതിൽ അദ്ദേഹം നിർണായക പങ്കുവഹിച്ചു. സർവകലാശാലയുടെ ഡിജിറ്റൽ പരിഷ്കാരങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിലും അദ്ദേഹം പ്രധാന പങ്കുവഹിച്ചു. പരീക്ഷാ ഭരണസംവിധാനത്തെ ആധുനികവത്കരിക്കുന്നതിനും നടപടിക്രമങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും സമയബന്ധിതമായി സാങ്കേതികവിദ്യാധിഷ്ഠിത പരീക്ഷാ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഈ പരിഷ്കാരങ്ങൾ സഹായകമായി.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ അഭൂതപൂർവമായ വെല്ലുവിളികൾ ഉയർന്ന ഈ കാലഘട്ടത്തിൽ അദ്ദേഹത്തിൻറെ സേവനം സർവകലാശാലക്ക് മുതൽക്കൂട്ടായി. സർവകലാശാലയുടെ പരീക്ഷാ സംവിധാനത്തിൻറെ കാര്യക്ഷമതയും വിശ്വാസ്യതയും നിലനിർത്തുന്നതിന് അദ്ദേഹത്തിൻറെ നേതൃത്വം നിർണായകമായെന്നും യാത്രയയപ്പ് യോഗം വിലയിരുത്തി.

മറുപടി പ്രസംഗത്തിൽ സർവകലാശാലാ നേതൃത്വത്തിനും സഹപ്രവർത്തകർക്കും അഫിലിയേറ്റഡ് കോളേജുകൾക്കും ഡോ. ശ്രീജിത് നന്ദി പറഞ്ഞു.




# നികുതിപിരിവ് കാര്യക്ഷമമാക്കണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കൃത്യമായി നികുതിപിരിവ് നടത്തിക്കൊണ്ട് ജിഎസ്ടി വകുപ്പ് ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കേണ്ട സമയമാണിതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. നികുതി വർധിപ്പിക്കാതെ, നികുതി വരുമാനം വർധിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതിൽ ജിഎസ്ടി വകുപ്പ് നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുതുതായി വാങ്ങിയ 64 ഔദ്യോഗിക വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. നൂറുദിന കർമപദ്ധതിയുടെ ഭാഗമായാണ് വാഹനങ്ങൾ വാങ്ങിയത്. വാഹനങ്ങളുടെ താക്കോൽ മുഖ്യമന്ത്രി ജിഎസ്ടി കമ്മീഷണർ പി ബി നൂഹിന് കൈമാറി.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ അധ്യക്ഷത വഹിച്ചു. സ്പെഷ്യൽ കമ്മീഷണർ രാഹുൽ കൃഷ്ണ ശർമ, അഡീഷണൽ കമ്മീഷണർ മുഹമ്മദ് ഷെഫീഖ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.




ഐമാക്സ് ഇന്ത്യ വൈസ് പ്രസിഡന്റ് പ്രീതം ഡാനിയൽ, തിയേറ്റർ വേൾഡ് എഡിറ്ററും പബ്ലിഷറുമായ രാഘവേന്ദ്ര ടി. എന്നിവർ ചേർന്ന് മികച്ച സിനിമാ തിയേറ്ററിനുള്ള പുരസ്കാരം പലാക്സി സിനിമാസിന്റെ പ്രതിനിധികളായ ജനറൽ മാനേജർ ഷിഹാബ് എം., എഫ് ആൻഡ് ബി ഓപ്പറേഷൻസ് മാനേജർ ആൻജോ ജോസ്, ഡെപ്യൂട്ടി മാനേജർ ഹുബൈൽ കെ.പി. എന്നിവർക്ക് സമ്മാനിക്കുന്നു.

# പലാക്സി സിനിമാസിന് തുടർച്ചയായി രണ്ടാം വർഷവും 'ബെസ്റ്റ് സിനിമാ തിയേറ്റർ' പുരസ്കാരം

## 2030ഓടെ 250 സ്ക്രീനുകൾ ലക്ഷ്യം

**കൊച്ചി:** ഹൈലൈറ്റ് ഗ്രൂപ്പിന്റെ പ്രീമിയം മൾട്ടിപ്ലക്സ് ബ്രാൻഡായ പലാക്സി സിനിമാസിന് തുടർച്ചയായ രണ്ടാം വർഷവും ദേശീയതല അംഗീകാരം. സിനിമ എക്സിബിഷൻ രംഗത്തെ പ്രമുഖ പുരസ്കാരമായ ഐമാക്സ് ബിഗ് സിനി അവാർഡ്സ് 2026ൽ 'ബെസ്റ്റ് സിനിമ തിയറ്റർ, ടയർ 2 സിറ്റി' പുരസ്കാരമാണ് പലാക്സി സിനിമാസ് രണ്ടാം തവണയും സ്വന്തമാക്കിയത്. 2030ഓടെ 250 സ്ക്രീനുകൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്ന ഹൈലൈറ്റ് ഗ്രൂപ്പിന്റെ 'മിഷൻ 250' വഴി കേരളത്തിലെ വളർന്നുവരുന്ന ടയർ 2, 3 നഗരങ്ങളിലേക്കും പ്രീമിയം സിനിമാ തിയേറ്റർ അനുഭവം പലാക്സി സിനിമാസ് വ്യാപിപ്പിക്കും.

സ്ക്രീനുകളുടെ എണ്ണം കൂട്ടുക എന്നതിലുപരി, ആധുനിക പ്രൊജക്ഷൻ സൗണ്ട് സാങ്കേതികവിദ്യ, ലോകോത്തര നിലവാരത്തിലുള്ള ആംബിയൻസ്, സീറ്റിംഗ്, ഫുഡ് & ബെവറേജ് സേവനങ്ങൾ എന്നിവയോടെ പ്രീമിയം തിയേറ്ററുകൾ യാഥാർത്ഥ്യമാക്കുക എന്നതാണ് 'മിഷൻ 250' വഴി ലക്ഷ്യമിടുന്നത്.

തുടർച്ചയായി രണ്ടാം വർഷവും ബിഗ് സിനി അവാർഡ് നേടാനായത് പലാക്സിക്ക് ഏറെ അഭിമാനകരമായ നേട്ടമാണെന്നും കേരളത്തിലെ ചെറുനഗരങ്ങളിലേക്കും മികച്ച സിനിമാ അനുഭവം എത്തിക്കുക എന്നതാണ് 'മിഷൻ 250' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും ഹൈലൈറ്റ് മാൾസ് & റീട്ടെയ്ൽ സിഇഒ മുഹമ്മദ് ഫവാസ് പറഞ്ഞു.

2025ൽ പലാക്സി സിനിമാസ് കോഴിക്കോടിന് ലഭിച്ച പുരസ്കാരം, ഇക്കൊല്ലം പലാക്സി സിനിമാസ് തൃശൂരിനെയാണ് തേടിയെത്തിയത്. മികച്ച സാങ്കേതികവിദ്യ, അന്താരാഷ്ട്ര നിലവാരത്തിലുള്ള സിനിമാ തിയേറ്റർ അനുഭവം, മികച്ച ഹോസ്പിറ്റാലിറ്റി, കസ്റ്റമർ സർവീസ് എന്നിവ മുൻനിർത്തിയാണ് അംഗീകാരം നൽകുന്നത്. ചെന്നൈ ട്രേഡ് സെന്ററിൽ നടന്ന ഒൻപതാമത് ബിഗ് സിനി എക്സ്പോ 2026 വേദിയിലായിരുന്നു പുരസ്കാര പ്രഖ്യാപനം. ഏഷ്യയിലെ ഏറ്റവും വലിയ സിനിമാ വ്യവസായ സംഗമങ്ങളിലൊന്നായ ബിഗ് സിനി എക്സ്പോയിൽ മൾട്ടിപ്ലക്സ്, തിയേറ്റർ, മാളുകൾ, വിതരണ മേഖല തുടങ്ങിയവയിലെ പ്രമുഖർ പങ്കെടുത്തു.

# വിവിധ രാജ്യങ്ങളിൽ നിന്നുമെത്തിയ വ്ളോഗർമാരുമായി മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തി

**തിരുവനന്തപുരം:** തുറമുഖം, വിനോദസഞ്ചാരം, ആരോഗ്യം, ഐടി എന്നീ മേഖലകളുടെ വികസനത്തിലൂടെ കേരളത്തെ മികച്ച നിക്ഷേപകേന്ദ്രമാക്കി മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. കേരളം സന്ദർശിക്കാനെത്തിയ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മുപ്പത്തിയഞ്ച് വ്ളോഗർമാരുമായി ക്ലിഫ് ഹൗസിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. ദൈവത്തിന്റെ സ്വന്തം നാടിന്റെ ഹരിതാഭയും കാലാവസ്ഥയും വിനോദസഞ്ചാരനിക്ഷേപ സാധ്യതകളും ലോകത്തിന് മുന്നിലെത്തിക്കുന്നതിൽ വ്ലോഗർമാർക്ക് വലിയ പങ്കുവഹിക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങൾ, കണ്ടെയ്നർ ടെർമിനൽ, 18 ചെറുകിട തുറമുഖങ്ങൾ എന്നിവയെ സംയോജിപ്പിച്ച് കേരളത്തെ പോർട്ട് സിറ്റിയാക്കി മാറ്റും. അടുത്തടുത്ത് സ്ഥിതിചെയ്യുന്ന നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളെ ബന്ധിപ്പിച്ച് ഏവിയേഷൻ ഹബ്ബ് വികസിപ്പിക്കാനും തലസ്ഥാനത്തെയും കൊച്ചിയിലെയും ഐടി കേന്ദ്രങ്ങൾക്ക് പുറമെ വടക്കൻ കേരളത്തിലേക്കും ഐടി വ്യവസായം വ്യാപിപ്പിക്കാനും പദ്ധതിയുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന മലയാളി എൻജിനീയർമാരും ഡോക്ടർമാരും ഉൾപ്പെടെയുള്ള യുവതലമുറയാണ് കേരളത്തിന്റെ ഏറ്റവും വലിയ കരുത്തെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിനോദസഞ്ചാരത്തിനൊപ്പം കേരളത്തെ ലോകോത്തര ആരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിനും സർക്കാർ പ്രാധാന്യം നൽകും. ആയുർവേദ ചികിത്സയ്ക്കൊപ്പം യൂറോപ്യൻ മാതൃകയിലുള്ള മികച്ച റീഹാബിലിറ്റേഷൻ സെന്ററുകളും വികസിപ്പിക്കും. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളും ചികിത്സാ നിലവാരവും ഉയർത്തുന്നതിന് ബജറ്റിൽ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ആരോഗ്യസംരക്ഷണം എല്ലാവരുടെയും അവകാശമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. സമ്പൂർണ സാക്ഷരത കൈവരിച്ച കേരളം നൂറ് ശതമാനം ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനുള്ള ലക്ഷ്യത്തിലേക്കാണ് നീങ്ങുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലോകത്തിലെ മികച്ച സർവകലാശാലകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും പദ്ധതിയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

പ്രവാസി മലയാളികൾ കേരളത്തിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്താൻ മുന്നോട്ടുവരണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. സൗദി അറേബ്യ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള പ്രവാസികൾക്ക് കേരളത്തിന്റെ വളർച്ചയിൽ പങ്കാളികളാകാനുള്ള മികച്ച അവസരങ്ങളാണ് ഒരുങ്ങുന്നത്. കോടിക്കണക്കിന് ഫോളോവേഴ്സുള്ള വ്ളോഗർമാർ കേരളത്തിന്റെ വിനോദസഞ്ചാര, ആരോഗ്യ, നിക്ഷേപ സാധ്യതകൾ ലോകത്തിന് പരിചയപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ പുതിയ വികസന മാതൃകയ്ക്ക് വലിയ പിന്തുണ നൽകാനാകുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ഒരു മണിക്കൂറോളം വ്ളോഗർമാരുമായി ചെലവഴിച്ച മുഖ്യമന്ത്രി കേരളത്തിന്റെ സുഗന്ധവ്യഞ്ജനങ്ങൾ അടങ്ങിയ ഉപഹാരം അവർക്ക് സമ്മാനിച്ചു. മുഖ്യമന്ത്രിയുടെ ആതിഥേയത്വത്തിൽ നന്ദി അറിയിച്ച് അദ്ദേഹത്തിനൊപ്പം റീലുകളും ചിത്രീകരിച്ചാണ് വ്ളോഗർമാർ ക്ലിഫ്ഹൗസിൽ നിന്നും മടങ്ങിയത്.



# പഠനത്തിനൊപ്പം കായികസംസ്കാരവും വളർത്തണം: മന്ത്രി

**കാടുകുറ്റി:** പഠനത്തിനൊപ്പം കായികസംസ്കാരവും വളർത്തിയെടുക്കാൻ കുട്ടികൾക്ക് അവസരമൊരുക്കണമെന്ന് ഉന്നത വിദ്യാഭ്യാസമന്ത്രി റോജി എം. ജോൺ. പുതുതലമുറയുടെ മാനസികവും ബൗദ്ധികവുമായ വികാസത്തോടൊപ്പം ശാരീരികക്ഷമതയും ഉറപ്പാക്കാൻ പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ 2024-25 അധ്യയന വർഷത്തെ മികച്ച സ്കൂൾ കായികാധ്യാപകനുള്ള ജി.വി. രാജ പുരസ്കാരം നേടിയ അന്നനാട് യൂണിയൻ ഹയർ സെക്കൻഡറി സ്കൂൾ കായികാധ്യാപകൻ ജിബി വി. പെരേപ്പാടനെ ആദരിക്കുന്നതിനായി സ്കൂൾ അധികൃതർ സംഘടിപ്പിച്ച ആദരണീയം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പുരസ്കാരം തുടർപ്രവർത്തനങ്ങൾക്ക് പ്രചോദനമാകട്ടെയെന്ന് അദ്ദേഹം ആശംസിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ.സി. മനോജ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡൻറ് മോളി തോമസ്, ജില്ലാ പഞ്ചായത്ത് അംഗം ഷോൺ പെല്ലിശേരി, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എം.ആർ. ഡേവീസ്, ബ്ലോക്ക് അംഗം എം.ആർ. രവീന്ദ്രൻ, സ്കൂൾ മാനേജർ ഐ.കെ. ഗോവിന്ദ്, പ്രിൻസിപ്പൽ ഐ. ജയ, പ്രധാനാധ്യാപിക എം.പി. മാലിനി, പി.ടി.എ പ്രസിഡൻറ് പി.ആർ. രാജേഷ്, മാനേജ്മെൻറ് കമ്മിറ്റി പ്രസിഡൻറ് എം. രാജഗോപാൽ, രജിത ഷൈജു, കെ.കെ. ലിൻസി എന്നിവർ പ്രസംഗിച്ചു.

# മഴക്കുറവ്: കാർഷികമേഖലയെ പിടിച്ചുലയ്ക്കും

**തൊടുപുഴ:** കാലവർഷത്തിനു പുറമേ തുലാവർഷവും കനിഞ്ഞില്ലെങ്കിൽ കാർഷിക മേഖലയുടെ നടുവൊടിയും. കാർഷിക ജില്ലയായ ഇടുക്കിയിലെ ഭൂരിഭാഗം പേരും കൃഷിയെ ആശ്രയിച്ചാണ് കഴിയുന്നത്. എന്നാൽ ആഗോളതാപനം മൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനം കൃഷിയുടെ താളം തെറ്റിക്കുകയാണ്. ഇതിനു പിന്നാലെയാണ് ഇത്തവണ കാലവർഷം കാര്യമായി ലഭിക്കാത്തതും തുലാമഴ കുറയുമെന്നുമുള്ള മുന്നറിയിപ്പ് കാലാവസ്ഥ ാനിരീക്ഷണ കേന്ദ്രം നൽകുന്നത്. ഇതു ജില്ലയിലെ കർഷകർ ആശങ്കയോടെയാണ് കാണുന്നത്.

സാധാരണ ജൂൺമുതൽ സെപ്റ്റംബർ വരെ കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവുമാണ് സംസ്ഥാനത്ത് ലഭിക്കുന്നത്. എന്നാൽ ഇത്തവണ പതിവിന് വിരുദ്ധമായി ഓഗസ്റ്റ് അവസാനം മുതൽ മഴ മാറിനിൽക്കുന്ന സാഹചര്യമാണുള്ളത്. ജില്ലയിൽ പെയ്ത കാലവർഷത്തിൻറെ കണക്കനുസരിച്ച് നിലവിൽ 42 ശതമാനം മഴക്കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുലാവർഷവും കാര്യമായി ലഭിക്കാതെ വന്നാൽ ജില്ലയിലെ കാർഷികമേഖലയെ ഇതുസാരമായി ബാധിക്കുമെന്നാണ് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്.

മഴക്കുറവുമൂലം ഏലംകൃഷി വലിയ ഭീഷണിയാണ് നേരിടുന്നത്.സാധാരണ വേനൽക്കാലയളവിൽ ഷെയ്ഡ് നൽകിയാണ് കൃഷി സംരക്ഷിക്കുന്നത്. കടുത്തചൂട് ഏലത്തട്ടകൾക്ക് താങ്ങാനാകില്ല. ചൂട് കൂടിയാൽ ചെടി കരിഞ്ഞുണങ്ങും. രണ്ടുവർഷം മുമ്പ് കൊടുംവേനലിൽ ജില്ലയിലെ 60 ശതമാനത്തോളം ഏലം കൃഷി ഉണങ്ങി നശിച്ചിരുന്നു. വീണ്ടും കൃഷിയിറക്കി വിളവെടുത്ത് വരുമ്പോഴാണ് പതിവിൽനിന്നു വ്യത്യസ്തമായി സെപ്റ്റംബറിൽത്തന്നെ കടുത്തചൂട് അനുഭവപ്പെട്ടുതുടങ്ങിയത്.

വരുംദിവസങ്ങളിൽ മഴലഭിച്ചില്ലെങ്കിൽ ഏലംകർഷകർ കടുത്ത ദുരിതത്തിലാകും. സാമാന്യം ഭേദപ്പെട്ട വില ലഭിക്കുന്നതിനാൽ ഹൈറേഞ്ച് മേഖലയിൽ കൊക്കോ, ജാതി, റബർ ഉൾപ്പെടെ വെട്ടിനീക്കി വ്യാപകമായി ഏലം കൃഷി ആരംഭിച്ചിരുന്നു. തമിഴ്നാട്ടിൽനിന്നുള്ള കർഷകരും ഇവിടെ ഏക്കർകണക്കിനു സ്ഥലം വാങ്ങി കൃഷി നടത്തിവരുന്നുണ്ട്.



# ഓഗസ്റ്റിൽ ഡിപി വേൾഡ് കൊച്ചി ഉയർന്ന പ്രതിമാസ ചരക്ക് കൈകാര്യ ശേഷി രേഖപ്പെടുത്തി

**കൊച്ചി:** ഡിപി വേൾഡ് കൊച്ചിയുടെ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ (ഐസിടിടി) 2026 ഓഗസ്റ്റിൽ എക്കാലത്തെയും ഉയർന്ന പ്രതിമാസ ചരക്ക് കൈകാര്യ ശേഷി രേഖപ്പെടുത്തി. 97,952 ട്വന്റിഫൂട്ട് ഇകിവലന്റ് യൂണിറ്റുകൾ (ടിഇയു) കൈകാര്യം ചെയ്തതിലൂടെ മുൻവർഷത്തെ അപേക്ഷിച്ച് 51 ശതമാനം വർദ്ധനവാണ് ഉണ്ടായത്.

ടെർമിനലിലെ കണ്ടെയ്നർ കൈകാര്യ അളവിലുണ്ടായ തുടർച്ചയായ വളർച്ചയിലൂന്നിയാണ് ഡിപി വേൾഡ് കൊച്ചി ഓഗസ്റ്റിൽ ഈ റെക്കോർഡ് നേട്ടം കൈവരിച്ചത്. ജൂണിൽ 74,644 ടിഇയു ജൂലൈയിൽ 74,585 ടിഇയു എന്നിങ്ങനെ കൈകാര്യം ചെയ്ത ശേഷം, ഓഗസ്റ്റിൽ ഈ കണക്ക് 97,952 ടിഇയു ആയി ഉയരുകയും പുതിയ പ്രതിമാസ റെക്കോർഡ് സ്ഥാപിക്കുകയും ചെയ്തു. ടെർമിനലിന്റെ പ്രവർത്തനക്ഷമതയും പ്രാദേശികഅന്താരാഷ്ട്ര വ്യാപാരത്തിനായുള്ള ഒരു പ്രധാന കവാടമെന്ന നിലയിലുള്ള വളർന്നുവരുന്ന പങ്കും ഈ നേട്ടം എടുത്തുകാണിക്കുന്നു.

ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിൽ, ഉയർന്ന പ്രവർത്തനക്ഷമത നിലനിർത്തിക്കൊണ്ടുതന്നെ അധികം വന്ന 51 കപ്പലുകളും ഐസിടിടി കൈകാര്യം ചെയ്തു. ഭൗമരാഷ്ട്രീയ പ്രതിസന്ധികൾക്കിടയിലും അധിക കപ്പൽ ഗതാഗതം കൈകാര്യം ചെയ്യാനും പ്രധാന ആഗോള വ്യാപാര പാതകളിലുടനീളം ചരക്ക് നീക്കം സുഗമമാക്കാനുമുള്ള ടെർമിനലിന്റെ കഴിവ് ഇത് തെളിയിക്കുന്നു.

ഓഗസ്റ്റിലെ റെക്കോർഡ് നേട്ടവും സമീപ മാസങ്ങളിലെ മികച്ച പ്രവർത്തനഫലങ്ങളും ഞങ്ങളുടെ ടീമിന്റെ അർപ്പണബോധത്തെയും ഡിപി വേൾഡ് കൊച്ചിയിൽ ഉപഭോക്താക്കൾക്കുള്ള വിശ്വാസത്തെയും പ്രതിഫലിപ്പിക്കുന്നു. ആഗോള വ്യാപാരമേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി, സുരക്ഷിതവും വിശ്വസനീയവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളിലൂടെ ചരക്ക് നീക്കം തടസ്സമില്ലാതെ തുടരാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ഡിപി വേൾഡ് സബ്കോണ്ടിനെന്റ് (ഇന്ത്യ) കൺട്രി മാനേജർ ഹേമന്ത് കുമാർ റൂയിയ പറഞ്ഞു.

അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളും മികച്ച ശേഷിയും ഉള്ളതിനാൽ, വലിയ കപ്പലുകളെ സ്വീകരിക്കാനും അധിക ചരക്ക് കൈകാര്യം ചെയ്യാനും ഐസിടിടി സജ്ജമാണ്. ഒപ്പം ലോകോത്തര ഉൽപ്പാദനക്ഷമതയും വേഗത്തിലുള്ള കപ്പൽ തിരിച്ച് പോക്കും വിശ്വസനീയമായ ചരക്ക് നീക്കവും ഉറപ്പാക്കുന്നു. ഇന്ത്യയുടെ സമുദ്രലോജിസ്റ്റിക്സ് മേഖലയിലെ ലക്ഷ്യങ്ങൾ പുരോഗമിക്കുമ്പോൾ , പ്രാദേശിക സമൃദ്ധിയും രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെയും പിന്തുണച്ചുകൊണ്ട്, മത്സരക്ഷമതയുള്ള ഒരു വ്യാപാര കവാടമെന്ന നിലയിൽ കൊച്ചിയുടെ സ്ഥാനം ഞങ്ങൾ ശക്തിപ്പെടുത്തുന്നത് തുടരുമെന്ന് റൂയിയ കൂട്ടിച്ചേർത്തു.

കൊച്ചിയിൽ കേരളത്തിലെ ആദ്യത്തെ 'ഫ്രീ ട്രേഡ് വെയർഹൗസിംഗ് സോൺ' ഡിപി വേൾഡ് വികസിപ്പിച്ചിട്ടുണ്ട്; ഇന്ത്യയിലെ ഒരു പ്രധാന തുറമുഖത്തിനുള്ളിൽ തന്നെ സ്ഥിതി ചെയ്യുന്ന ഇത്തരത്തിലുള്ള ഏക സൗകര്യമാണിത്. കയറ്റുമതിഇറക്കുമതി വ്യാപാരത്തിനായുള്ള ലോകോത്തര നിലവാരത്തിലുള്ള സംഭരണം, ഏകീകരണം, വിതരണം എന്നിവയുടെ സംയോജിത സൗകര്യം ഉപഭോക്താക്കൾ കൂടുതലായി പ്രയോജനപ്പെടുത്തുന്നതിനെ പ്രതിഫലിപ്പിച്ചുകൊണ്ട് സസസസ മികച്ച പ്രകടനം കാഴ്ചവെച്ചു.

ഈ സൗകര്യം ഐസിടിടിയോടൊപ്പം ചേർന്ന് മേഖലയിലെ ഡിപി വേൾഡിന്റെ സമഗ്രമായ ലോജിസ്റ്റിക്സ് സേവനങ്ങളെ ശക്തിപ്പെടുത്തുകയും, അതുവഴി ബിസിനസുകൾക്ക് മികച്ച കണക്റ്റിവിറ്റിയും സുസ്ഥിരമായ വിതരണ ശൃംഖലയും ഉറപ്പാക്കുകയും ചെയ്യുന്നു.

# വന്ദേ ഭാരതത്തിലൂടെ ഗുജറാത്ത് സ്റ്റാർട്ടപ്പായ മൈകോബിന് 30 കോടി രൂപയുടെ വമ്പൻ നിക്ഷേപം

**കൊച്ചി:** നൂതനാശയമുള്ള സ്റ്റാർട്ടപ്പുകളേയും സംരംഭകരേയും കണ്ടെത്താനായി ഗൗതം അദാനി തുടക്കമിട്ട വന്ദേ ഭാരതം പദ്ധതിയിലൂടെ ഗുജറാത്ത് ആസ്ഥാനമായുള്ള കൺസ്ട്രക്ഷൻടെക് സ്റ്റാർട്ടപ്പായ മൈകോബിന് 30 കോടി രൂപയും നിക്ഷേപം ലഭിച്ചു. സെപ്റ്റംബർ 14ന് സംപ്രേഷണം ചെയ്ത വന്ദേ ഭാരതം പരിപാടിയുടെ ഏഴാം എപ്പിസോഡിലൂടെയാണ് 30 കോടി രൂപയുടെ ഈ റെക്കോർഡ് നിക്ഷേപം കമ്പനി സ്വന്തമാക്കിയത്.




ഫ്ലിപ്കാർട്ട് സിഇഒ കല്യാൺ കൃഷ്ണമൂർത്തി, റെനി കോസ്മെറ്റിക്സ് സഹസ്ഥാപകൻ അഷുതോഷ് വൽാനി എന്നിവർ ചേർന്നാണ് 30 കോടി രൂപയുടെ നിക്ഷേപം നടത്തിയത്. ഈ സീസണിലെ ഏറ്റവും വലിയ ഒറ്റത്തവണ നിക്ഷേപമാണിത്. അദാനി പോർട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ കരൺ അദാനി മൈകോബിന്റെ ഭാവി നിർമ്മാണ പദ്ധതികൾക്ക് ആവശ്യമായ പിന്തുണയും വാഗ്ദാനം ചെയ്തു.അങ്കിത സിൻഹ, ശശാങ്ക് ശേഖർ, ഋഷഭ് മാത്തൂർ എന്നിവർ ചേർന്നാണ് ഈ സ്റ്റാർട്ടപ്പ് സ്ഥാപിച്ചത്. മൈകോബിന്റെ സാങ്കേതികവിദ്യ വെറുമൊരു റോബോട്ടിക് 3ഡി പ്രിന്റിംഗിന് അപ്പുറം, നിർമ്മാണ പ്രവർത്തനങ്ങളെ കൂടുതൽ എളുപ്പമാക്കുന്ന ഫുൾസ്റ്റാക്ക് ഡിജിറ്റൽ കൺസ്ട്രക്ഷൻ മാനുഫാക്ചറിംഗ് പ്ലാറ്റ്ഫോമാണ് ഒരുക്കുന്നത്. ഈ സാങ്കേതികവിദ്യ വഴി കുറഞ്ഞ സമയത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും മെറ്റീരിയലുകൾ പാഴാകുന്നത് വലിയ തോതിൽ കുറയ്ക്കാനും സാധിക്കും.

സെപ്റ്റംബർ 17ന് നടക്കുന്ന ഗ്രാന്റ് ഫിനാലെയിലെ വിജയിക്ക് അദാനി ഗ്രൂപ്പ് നൽകുന്ന രണ്ട് കോടി രൂപയുടെ ക്യാഷ് പ്രൈസാണ് സമ്മാനം.




## സ്കൂട്ടിന്റെ എവരിവെയർ സെയിൽ ആരംഭിച്ചു; ടിക്കറ്റ് നിരക്കുകൾ 9,500 രൂപ മുതൽ

**തിരുവനന്തപുരം:** സിംഗപ്പൂർ എയർലൈൻസിന്റെ ഉപകമ്പനിയായ ബജറ്റ് വിമാനക്കമ്പനി സ്കൂട്ട്, അന്താരാഷ്ട്ര യാത്രക്കാർക്കായി എവരിവെയർ സെയിൽ പ്രഖ്യാപിച്ചു. സെപ്റ്റംബർ 15 മുതൽ 20 വരെ നീണ്ടുനിൽക്കുന്ന ഈ പരിമിതകാല ഓഫറിലൂടെ ഏഷ്യപസഫിക് മേഖലയിലെ വിവിധ രാജ്യങ്ങളിലേക്ക് കുറഞ്ഞ നിരക്കിൽ യാത്ര ചെയ്യാം. ഇന്ത്യയിൽ നിന്നുള്ള യാത്രക്കാർക്ക് സിംഗപ്പൂരിലേക്ക് 9,500 രൂപ മുതലുള്ള വൺവേ ഇക്കോണമി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. 2026 ഒക്ടോബർ 12 മുതൽ 2027 ഓഗസ്റ്റ് 31 വരെയുള്ള യാത്രകൾക്കാണ് ഈ ഇളവുകൾ ലഭ്യമാകുക. തിരുവനന്തപുരം, അമൃതസർ, വിശാഖപട്ടണം എന്നിവിടങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് ബാങ്കോക്ക്, ചിയാങ് റായ്, കോ മലേഷ്യ, സിഡ്നി, ടോക്കിയോ തുടങ്ങിയ ജനപ്രിയ കേന്ദ്രങ്ങളിലേക്ക് ആകർഷകമായ നിരക്കുകളിൽ ടിക്കറ്റുകൾ ലഭ്യമാണ്; തിരുവനന്തപുരത്ത് നിന്ന് ചിയാങ് റായിലേക്ക് 15,000 രൂപ മുതലാണ് നിരക്കുകൾ ആരംഭിക്കുന്നത്. കൂടാതെ, സ്കൂട്ട് പ്ലസ് പ്രീമിയം സേവനങ്ങളും ക്രിസ്ഫ്ലയർ അംഗങ്ങൾക്ക് മൈലേജ് ആനുകൂല്യങ്ങളും ഈ സെയിലിന്റെ ഭാഗമായി കമ്പനി ലഭ്യമാക്കിയിട്ടുണ്ട്.

## എഐ+ സർവീസ് ശൃംഖല വിപുലീകരിക്കുന്നു



**കൊച്ചി:** എഐ+ സ്മാർട്ട് ഫോൺ ഇന്ത്യയിലെ വിൽപ്പനാനന്തര സേവന ശൃംഖല 1,000ലധികം കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു. നിലവിലുള്ള 800ലധികം കേന്ദ്രങ്ങൾക്ക് പുറമെ 200ലധികം പുതിയ സർവീസ് സെന്ററുകൾ കൂടി ആരംഭിക്കും. ഡൽഹിയിൽ ദീപാവലിയോടെ രാജ്യത്തെ ആദ്യ എക്സ്ക്ലൂസീവ് എഐ+ സർവീസ് സെന്ററും പ്രവർത്തനമാരംഭിക്കും. പരിശീലനം നേടിയ സാങ്കേതിക വിദഗ്ധരുടെ സേവനം, ഒറിജിനൽ സ്പെയർ പാർട്സ്, വാറന്റി സേവനം, സോഫ്റ്റ്വെയർ സഹായം തുടങ്ങിയവ ഇവിടെ ലഭ്യമാകും. ഇതോടൊപ്പം എഐ+ അസിസ്റ്റൻസ് ആപ്പും അവതരിപ്പിക്കും. സർവീസ് ബുക്കിങ്, ടിക്കറ്റ് ജനറേറ്റ് ചെയ്യൽ, ടിക്കറ്റ് ട്രാക്കിങ്, വാറന്റി വിവരങ്ങൾ, സമീപത്തെ സർവീസ് സെന്ററുകൾ കണ്ടെത്തൽ, ട്രബിൾഷൂട്ടിങ് സഹായം എന്നിവ ആപ്പിലൂടെ ലഭ്യമാകും. സേവന ആവശ്യകത അനുസരിച്ച് ഒരേ ദിവസം മുതൽ ഏഴ് ദിവസം വരെയാണ് ലക്ഷ്യമിടുന്ന പരിഹാര സമയം.

## ആമസോൺ ഇന്ത്യയിലെ വിൽപ്പനക്കാരുടെ എണ്ണം 20 ലക്ഷം കടന്നു

**കൊച്ചി:** ഇകൊമേഴ്സ് വിപണിയായ ആമസോൺ ഇന്ത്യയുടെ വിൽപ്പനക്കാരുടെ എണ്ണം 20 ലക്ഷം കവിഞ്ഞു. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിലെ ഏറ്റവും ശക്തമായ വാർഷിക വളർച്ചയാണ് വിൽപ്പനക്കാരുടെ എണ്ണത്തിൽ രേഖപ്പെടുത്തിയതെന്ന് ആമസോൺ ഇന്ത്യ വ്യക്തമാക്കി. കേരളത്തിലെ വിൽപ്പനക്കാരുടെ എണ്ണം 38,000 കടന്നു. സംസ്ഥാനത്തെ 11,000ത്തിലധികം പ്രാദേശിക സ്ഥാപനങ്ങളും ആമസോണിൽ വിൽപ്പന നടത്തുന്നുണ്ട്.
ഉത്സവകാല വിൽപ്പനയ്ക്ക് മുന്നോടിയായി കേരളത്തിലെ ഉൾപ്പെടെ രാജ്യത്തെ ചെറുകിട, ഇടത്തരം സംരംഭകരെ കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി എഐ അധിഷ്ഠിത ഉപകരണങ്ങളും സാങ്കേതിക സംവിധാനങ്ങളും കമ്പനി ശക്തമാക്കിയിട്ടുണ്ട്. ഉത്സവകാല വിൽപ്പനയ്ക്കായി രാജ്യത്തെ വിവിധ നഗരങ്ങളിൽ 20ലധികം സെല്ലർ കണക്ട്സ്, ആഡ്സ് ഹൈവ് വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുമെന്ന് ആമസോൺ അറിയിച്ചു.




**അസറ്റ് ഹോംസിന്റെ നിർമ്മാണം പൂർത്തീകരിച്ച 95മത് ലക്ഷ്വറി ഭവന പദ്ധതിയായ അസറ്റ് മജസ്റ്റിക്, തൃശ്ശൂർ കുരിയച്ചിറയിൽ ജോയിന്റ് വെഞ്ചർ പാർട്ണർമാരായ മാത്യു ഫ്രാൻസിസ്, ജെസ്സി മാത്യു, അസറ്റ് ഹോംസ് ഡയറക്ടർ ഡോ. ഹസൻകുഞ്ഞി എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു. അസറ്റ് ഹോംസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുനിൽ കുമാർ വി. സമീപം**

# പുതിയ ഐഫോൺ 18 പ്രോ സീരീസിന് പ്രീബുക്കിംഗുമായി ക്രോമ

**കൊച്ചി:** പ്രമുഖ ഇലക്ട്രോണിക്സ് റീട്ടെയിൽ ശൃംഖലയായ ക്രോമ, ആപ്പിളിന്റെ പുതിയ ഐഫോൺ 18 പ്രോ, ഐഫോൺ 18 പ്രോ മാക്സ് ഫോണുകൾക്കായുള്ള പ്രീബുക്കിംഗ് ആരംഭിച്ചു. രാജ്യവ്യാപകമായി 200 ലധികം നഗരങ്ങളിലെ 560 ലധികം ക്രോമ സ്റ്റോറുകൾ വഴിയും, ക്രോമ വെബ്സൈറ്റ്, ടാറ്റ ന്യൂ ആപ്പ്, ബിഗ് ബാസ്കറ്റ് എന്നിവ വഴിയും ഉപഭോക്താക്കൾക്ക് ഈ പുതിയ സ്മാർട്ട്ഫോണുകൾ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. പുതിയ പ്രോ സീരീസ് മോഡലുകൾക്ക് 12,000 രൂപ വരെയുള്ള എക്സ്ചേഞ്ച് ബോണസും ക്രോമ പ്രഖ്യാപിച്ചിട്ടുണ്ട്.

മികച്ച പ്രവർത്തനക്ഷമതയും ക്യാമറ ശേഷിയും ഉറപ്പുനൽകുന്ന എ20 പ്രോ ചിപ്പ്, ആപ്പിളിന്റെ സി2 വയർലെസ് മോഡം, ഫിസിക്കൽ വേരിയബിൾ അപർച്ചറോട് കൂടിയ പുതിയ 48 മെഗാപിക്സൽ ഫ്യൂഷൻ ക്യാമറ എന്നിവ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകളാണ് പുതിയ ഐഫോൺ 18 പ്രോ സീരീസ് ഫോണുകളിലുള്ളത്.

ക്രോമ സ്റ്റോറുകളിൽ 5,000 രൂപ നൽകി ഐഫോൺ 18 പ്രോ, 18 പ്രോ മാക്സ് ഫോണുകൾ മുൻകൂട്ടി ബുക്ക് ചെയ്യാം. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി ബുക്ക് ചെയ്യുമ്പോൾ മുഴുവൻ തുകയും അടയ്ക്കേണ്ടതുണ്ട്. കൂടാതെ, ആപ്പിൾ വാച്ച് സീരീസ് 12, ആപ്പിൾ വാച്ച് അൾട്രാ 4, എയർപോഡ് എന്നിവ സ്റ്റോറുകളിൽ 2,000 രൂപ നൽകിയും ഓൺലൈനിൽ മുഴുവൻ തുകയും നൽകിയും ബുക്ക് ചെയ്യാനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.




ഐഫോൺ 17 പ്രോ, ഐഫോൺ 17 പ്രോ മാക്സ് ഫോണുകൾക്കും മികച്ച ആനുകൂല്യങ്ങൾ ക്രോമ ഒരുക്കിയിട്ടുണ്ട്. സെലക്ട് ക്രെഡിറ്റ് കാർഡുകൾക്ക് ലഭിക്കുന്ന 4,000 രൂപ ബാങ്ക് ക്യാഷ്ബാക്ക്, പഴയ ഐഫോൺ 15 പ്രോയ്ക്ക് ലഭിക്കുന്ന 44,500 രൂപ വരെയുള്ള എക്സ്ചേഞ്ച് തുക, 12,000 രൂപയുടെ എക്സ്ചേഞ്ച് ബോണസ് എന്നിവ ഉൾപ്പെടെയുള്ള ഓഫറുകളിലൂടെ ഐഫോൺ 17 പ്രോ 256 ജിബി മോഡൽ 69,990 രൂപയിലും 512 ജിബി മോഡൽ 88,490 രൂപയിലും സ്റ്റോറുകളിൽ ലഭ്യമാകും. ക്രോമ വെബ്സൈറ്റിൽ 4,000 രൂപ ബാങ്ക് ക്യാഷ്ബാക്ക് ഉൾപ്പെടെ 256 ജിബി പതിപ്പ് 1,26,490 രൂപയ്ക്കും 512 ജിബി പതിപ്പ് 1,45,990 രൂപയ്ക്കും ലഭിക്കും.

സമാനമായ ഓഫറുകളോടെ ഐഫോൺ 17 പ്രോ മാക്സ് 256 ജിബി പതിപ്പ് 74,990 രൂപയ്ക്കും 512 ജിബി പതിപ്പ് 94,990 രൂപയ്ക്കും സ്റ്റോറുകളിൽ നിന്ന് ലഭിക്കും. 4,000 രൂപ ബാങ്ക് ക്യാഷ്ബാക്ക്, പഴയ ഐഫോൺ 15 പ്രോ മാക്സിന് ലഭിക്കുന്ന 53,000 രൂപ വരെയുള്ള എക്സ്ചേഞ്ച് മൂല്യം, 12,000 രൂപയുടെ എക്സ്ചേഞ്ച് ബോണസ് എന്നിവ പ്രയോജനപ്പെടുത്തിയാണ് ഉപഭോക്താക്കൾക്ക് ഈ നിരക്കിൽ ഫോൺ ലഭിക്കുക. ഈ മോഡലുകൾ ഓൺലൈനിൽ യഥാക്രമം 1,39,990 രൂപയ്ക്കും 1,59,990 രൂപയ്ക്കും ലഭ്യമാകും.

# ഔട്ട്ഡോർ ഇടങ്ങൾക്കായി ക്രോംപ്റ്റണിന്റെ പുതിയ വാൾസ്മൈൽ ലൈറ്റിംഗ് ശ്രേണി

**കൊച്ചി:** ആധുനിക ഔട്ട്ഡോർ ഇടങ്ങളുടെ ഭംഗിയും പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് 'വാൾസ്മൈൽ ഔട്ട്ഡോർ ഡെക്കോ വാൾ ലൈറ്റ്' ശ്രേണി അവതരിപ്പിച്ചു. സമകാലിക ഡിസൈൻ, ഈടുനിൽപ്പ്, ഔട്ട്ഡോർ ഉപയോഗത്തിന് അനുയോജ്യമായ സവിശേഷതകൾ എന്നിവയാണ് പുതിയ ശ്രേണിയുടെ പ്രധാന പ്രത്യേകതകൾ.

ബാൽക്കണി, പോർച്ച്, പൂൾസൈഡ്, ലോബി, പാർക്കിംഗ് ഏരിയകൾ എന്നിവിടങ്ങളിലും ആക്സന്റ്, ഡിസ്പ്ലേ ലൈറ്റിംഗിനും ഉപയോഗിക്കാവുന്ന ശ്രേണിയിൽ ലീനിയ, നെക്സോ, പ്രിസം, ഹാലോ, എന്നീ നാല് മോഡലുകളുണ്ട്. ഐ പി 54 വാട്ടർ റെസിസ്റ്റൻസ്, 3 കെ വി വരെ സർജ് പ്രൊട്ടക്ഷൻ, യുവി/ഐആർ രശ്മികളില്ലാത്തതും, സിആർഐ80 നിലവാരമുള്ളതും എളുപ്പത്തിലുള്ള ഇൻസ്റ്റലേഷൻ, ബി ഐ എസ് രജിസ്ട്രേഷൻ, ഒരു വർഷത്തെ വാറന്റി എന്നിവയാണ് പ്രധാന സവിശേഷതകൾ.




ഇന്ത്യയിലുടനീളമുള്ള ക്രോംപ്ടൺ അംഗീകൃത റീട്ടെയിൽ ഔട്ട്ലെറ്റുകളിലും പ്രമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും ഉൽപ്പന്നങ്ങൾ ലഭ്യമാകും. 1,000 രൂപ മുതൽ 2,000 വരെയാണ് വില.

# ഇൻഡിഗോ 'ഗ്രേറ്റ് കണക്ഷൻസ് സെയിൽ' ആരംഭിച്ചു

**കൊച്ചി:** പ്രമുഖ വിമാനക്കമ്പനിയായ ഇൻഡിഗോ കണക്റ്റിംഗ് ഫ്ളൈറ്റുകൾക്ക് പ്രത്യേക നിരക്കുകളും അനുബന്ധ സേവനങ്ങൾക്ക് ഡിസ്കൗണ്ടുകളും നൽകുന്ന ഗ്രേറ്റ് കണക്ഷൻസ് സെയിൽ ആരംഭിച്ചു. യാത്രക്കാർക്ക് ആഭ്യന്തര വിമാനങ്ങൾക്ക് 3,999 രൂപ മുതലും അന്താരാഷ്ട്ര യാത്രകൾക്ക് 8,999 രൂപ മുതലുമുള്ള നിരക്കുകളിൽ വൺവേ ടിക്കറ്റ് ബുക്ക് ചെയ്യാം.

ഈ പ്രത്യേക നിരക്കുകൾക്ക് പുറമേ, ഇൻഡിഗോ വഴി നേരിട്ട് ബുക്ക് ചെയ്യുമ്പോൾ 199 രൂപ മുതൽ ലഭിക്കുന്ന ഇൻഡിഗോ സ്വിച്ച്, 49 രൂപ മുതൽ ലഭിക്കുന്ന ഇ ഫെയർ ഹോൾഡ് എന്നിവ ഉൾപ്പെടെയുള്ള തിരഞ്ഞെടുത്ത ആഡ്ഓൺ സേവനങ്ങൾക്കും, ട്രാവൽ പാർട്ണർമാർ ഉൾപ്പെടെ എല്ലാ ചാനലുകളിലും 299 രൂപ മുതൽ ലഭിക്കുന്ന ഫാസ്റ്റ് ഫോർവേഡിനും ഇൻഡിഗോ പ്രത്യേക നിരക്കുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

ഇൻഡിഗോ വെബ്സൈറ്റ് (www.goindigo.in), മൊബൈൽ ആപ്ലിക്കേഷൻ, എഐ അധിഷ്ഠിത അസിസ്റ്റന്റ് ആയ 6എസ്കായ്, ഇൻഡിഗോ വാട്ട്സ്ആപ്പ് (+91 70651 45858) എന്നിവയിലൂടെയും, കൂടാതെ തിരഞ്ഞെടുത്ത ട്രാവൽ പാർട്ണർ വെബ്സൈറ്റുകളിലൂടെയും ആപ്പുകളിലൂടെയും ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

# രണ്ട് വർഷം പൂർത്തിയാക്കി ഫ്ളിപ്കാർട്ട് മിനിറ്റ്സ്

**കൊച്ചി:** ഫ്ളിപ്കാർട്ടിന്റെ ക്വിക്ക് കൊമേഴ്സ് സേവനമായ ഫ്ളിപ്കാർട്ട് മിനിറ്റ്സ് രണ്ട് വർഷം പൂർത്തിയാക്കി. 4 മടങ്ങ് വാർഷിക വളർച്ച നേടിയ സേവനം 150ലധികം നഗരങ്ങളിലായി 1,200ഓളം മൈക്രോ ഫുൾഫിൽമെന്റ് സെന്ററുകളിലേക്ക് വ്യാപിച്ചു. തുടക്കം മുതൽ നാല് ലക്ഷത്തിലധികം നേരിട്ടുള്ളതും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും കമ്പനി അറിയിച്ചു. ടയർ 2 നഗരങ്ങളിൽ ഉപഭോക്തൃ അടിത്തറയിൽ 25 മടങ്ങോളം വളർച്ച രേഖപ്പെടുത്തി. അംബാല, സിലിഗുരി, തിരുപ്പൂർ തുടങ്ങിയ നഗരങ്ങളാണ് അതിവേഗം വളരുന്ന വിപണികൾ. ജെൻ സി ഉപഭോക്തൃ അടിത്തറയിൽ അഞ്ച് മടങ്ങോളം വളർച്ചയുണ്ടായി. ബ്യൂട്ടി, ഇലക്ട്രോണിക്സ്, ഗെയിമിംഗ്, വെയറബിൾസ് തുടങ്ങിയ വിഭാഗങ്ങളിലെ ഓർഡറുകളിൽ 45 ശതമാനത്തിലേറെയും ജെൻ സി ഉപഭോക്താക്കളിൽ നിന്നാണ്. സേവനം ഉപയോഗിച്ചവരിൽ 60 ശതമാനത്തോളം പേർ വീണ്ടും ഷോപ്പിംഗിനായി മടങ്ങിയെത്തുന്നതായും കമ്പനി വ്യക്തമാക്കി.




# റോയൽ എൻഫീൽഡ് വൺ റൈഡ് 2026 സെപ്റ്റംബർ 20ന്

**കൊച്ചി:** റോയൽ എൻഫീൽഡിന്റെ വാർഷിക ആഗോള പ്യുർ മോട്ടോർസൈക്കിളിംഗ് ആഘോഷമായ വൺ റൈഡ് 2026 സെപ്റ്റംബർ 20ന് നടക്കും. 60 രാജ്യങ്ങളിലായി 1,600ലധികം റൈഡുകളാണ് ഇത്തവണ സംഘടിപ്പിക്കുന്നത്. സ്നോ ലെപേർഡ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതാണ് ഈ വർഷത്തെ വൺ റൈഡിന്റെ പ്രധാന ലക്ഷ്യം. പങ്കെടുക്കുന്ന ഓരോ റൈഡറുടെയും പേരിൽ റോയൽ എൻഫീൽഡ് സ്നോ ലെപേർഡ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് സംഭാവന നൽകും. ഇന്ത്യയിലെ വിവിധ ഹിമാലയൻ മേഖലകളിലായി 10,500 ചതുരശ്ര കിലോമീറ്റർ സ്നോ ലെപേർഡ് ആവാസവ്യവസ്ഥ സംരക്ഷണ പദ്ധതികൾ കമ്പനി നടപ്പാക്കുന്നുണ്ട്. റൈഡർമാർക്ക് ഓൺലൈനായോ അടുത്ത റോയൽ എൻഫീൽഡ് ഡീലർഷിപ്പിലൂടെയോ വൺ റൈഡിൽ രജിസ്റ്റർ ചെയ്യാം.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com